**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4539** **19-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. എം. സച്ചിൻദേവ്</td><td colspan="2">ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>2016 മുതൽ സംസ്ഥാന സർക്കാർ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരത്തിൽ, പ്രത്യേകിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ എത്രത്തോളം പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്; വിശദമാക്കുമോ;</td><td>(എ)</td><td>പട്ടികവർഗ്ഗ വികസന വകുപ്പ് ആൺ പെൺ വ്യത്യാസമില്ലാതെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി<br>2. 9, 10 ക്ലാസുകളിൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി (75% കേന്ദ്രാവിഷ്കൃത പദ്ധതി).<br>3. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി.<br>4. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി.<br>5. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br>6. വിദേശപഠനത്തിനുള്ള ധനസഹായം<br>7. അന്യസംസ്ഥാന പഠനം.<br>8. ലാപ്ടോപ്പ് വിതരണം.<br>9. സിവിൽ സർവ്വീസ് പരിശീലനം.<br>10. കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്.<br>11. സാമൂഹ്യപഠനമുറി.<br>12. ഗോത്രബന്ധു പദ്ധതി.<br>13. വിദ്യാവാഹിനി പദ്ധതി.</td></tr>
<tr><td>(ബി)</td><td>ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗത്തിന് 2023-24-ൽ വിദ്യാഭ്യാസ മേഖലയിൽ പ്രധാനപ്പെട്ട എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ;</td><td>(ബി)</td><td>പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ പ്രൊഫഷണൽ കോഴ്സുകൾ, പി.ജി/ഡിഗ്രി/ ഡിപ്ലോമ കോഴ്സുകൾ തുടങ്ങിയ കോഴ്സുകളിലെല്ലാം വിജയം കൈവരിക്കാൻ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാധിച്ചിട്ടുണ്ട് .<br><br>വിദേശ പഠന സ്കോളർഷിപ്പ്, കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്, സിവിൽ സർവീസ് പരിശീലനം എന്നിവയിലൂടെ നിരവധി പട്ടികവർഗ</td></tr>
</table>

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2023 24 സാമ്പത്തികവർഷം 7 പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>2023 -24 സാമ്പത്തിക വർഷം 2 പട്ടികവർഗ വിദ്യാർത്ഥികൾക്ക് പട്ടികവർഗ വികസനവകുപ്പ് മുഖേന കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് പഠനത്തിനുള്ള സ്കോളർഷിപ്പ് അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, തൊഴിൽ, ഉന്നമനം എന്നിവ ലക്ഷ്യമാക്കി ആവിഷ്കരിച്ചിട്ടുള്ള സിവിൽസർവീസ് പരിശീലനത്തിനായി മികച്ച പരിശീലന സ്ഥാപനങ്ങളിൽ 2023 - 24-ൽ 32 പട്ടികവർഗ വിദ്യാർത്ഥികൾ പരിശീലനം നേടിയിട്ടുണ്ട്.<br><br>പട്ടികവർഗ വികസനവകുപ്പ് മുഖേന നടപ്പിലാക്കിയ തൊഴിലധിഷ്ഠിത നൈപുണ്യ വികസനപരിശീലനങ്ങളിലൂടെ ധാരാളം അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗയുവതികൾക്കു തൊഴിൽ ലഭ്യമായിട്ടുണ്ട്. വകുപ്പ് നടത്തിയ ഏവിയേഷൻ മേഖലയിലെ തൊഴിലധിഷ്ഠിത നൈപുണ്യവികസന പരിശീലനം വിജയകരമായി പൂർത്തിയാക്കിയ കണ്ണൂർ സ്വദേശിനിയായ ഗോപിക ഗോവിന്ദന് എയർ ഇന്ത്യ എക്സ്പ്രസ്സിൽ പട്ടികവർഗ വിഭാഗത്തിൽനിന്നുള്ള ആദ്യ എയർഹോസ്റ്റസായി ജോലി ലഭിക്കുകയും ചെയ്തു. |
| (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പ വരുത്തുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടികവർഗ വികസനവകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ യൂണിസെഫ് നിലവാരത്തിലാക്കുന്നതിന് വിവിധ പദ്ധതികളിലൂടെ നടപടി സ്വീകരിച്ചു വരുന്നു വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി KDISC മായി സഹകരിച്ച് മഞ്ചാടി, മഴവിൽ പദ്ധതിയും കൂടാതെ പ്രോജക്ട് ഡ്രൈവ് എന്നീ പദ്ധതികളും, വിവിധ നൈപുണ്യ വികസന പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ MRS കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ജില്ലാ കളക്ടർ അധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മറ്റിയും, സ്ഥലം എം എൽ എ ഇതോടൊപ്പം അധ്യക്ഷനായ ഉപദേശക സമിതിയും സംസ്ഥാനാടിസ്ഥാനത്തിൽ ഗവേർണിംഗ് ബോഡിയും പ്രവർത്തനം വിലയിരുത്തുന്നു. ഹോസ്റ്റലുകളിൽ ഇപ്രകാരം സ്ഥലം എം . എൽ . എ |

| | | | |
|---|---|---|---|
| | | | അധ്യക്ഷനായ ഉപദേശക സമിതിയും നിശ്ചിത സമയങ്ങളിൽ ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളായ മോഡൽ പ്രീ സ്കൂൾ, സാമൂഹ്യപഠനമുറി, മറ്റ് പരിശീലനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപന അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ഉദ്യോഗസ്ഥർ പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു . |

സെക്ഷൻ ഓഫീസർ